(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് 2 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ മരണപ്പെട്ടവർ സി.പി.ഐ.(എം) പ്രവർത്തകരും അക്രമികൾ കോൺഗ്രസ്/ബി.ജെ.പി. പ്രവർത്തകരുമാണ്.

കാസർഗോഡ് എം.പി., പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം

216 (3728) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൂടുംബയോഗം കഴിഞ്ഞ് മടങ്ങവേ കാസർഗോഡ് എം.പി. പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ;

(ഡി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നം. 606/2015 u/s 143, 147,341, 506 (1) r/w 149 IPC ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ താഴെപ്പറയുന്നവരാണ് പ്രതികൾ.

1. ഇസ്മായിൽ, S/o. മുഹമ്മദ്
2. അഹമ്മദ്, S/o. ഷേക്കായി
3. മുഹമ്മദ് ബഷീർ, S/o. ഈതീൻ കുഞ്ഞ്
4. അബ്ദുൾ ലത്തീഫ്, S/o. ഇസ്മായിൽ
5. അബ്ദുൾ കരീം S/o. ഉമ്മർ

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ പ്രതികളെയെല്ലാവരെയും അറസ്റ്റ് ചെയ്ത് കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗുമായി ബന്ധമുള്ളവരാണ് പ്രതികൾ.

ഓപ്പറേഷൻ ബിഗ് ഡാഡിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

217 (3729) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ബിഗ് ഡാഡിയിൽ നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ചുംബന സമരത്തിൽ പങ്കെടുത്ത എത്രപേർ ഈ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) ഓൺലൈൻ പെൺവാണിഭത്തിന്റെ മറവിൽ മനുഷ്യക്കടത്ത് നടന്നതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്ക്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഓപ്പറേഷൻ ബിഗ് ഡാഡി പദ്ധതി പ്രകാരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചുംബന സമരത്തിൽ പങ്കെടുത്ത രാഹുൽ പി.എസ്., ഭാര്യ രശ്മി ആർ. നായർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) സ്ഥിരീകരിച്ചിട്ടുണ്ട്. ഏതൊക്കെ രാജ്യങ്ങളിലേയ്ക്കാണ് എന്നത് സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

ജയിലുകളുടെ സുരക്ഷ

218 (3730) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും നിലവിലുള്ള ജയിൽ വാർഡൻമാർ പര്യാപ്തമാണോ;

(ബി) കൂടുതൽ വാർഡൻമാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജയിൽ വകുപ്പിന്റെ വിശദമായ റിപ്പോർട്ടിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly